(ഇ) ഇല്ല. കാഡ്മിയത്തിന്റെ ഉറവിടം വെളിപ്പെടുത്തണമെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം കമ്പനി നടപ്പാക്കിയിട്ടില്ല.

ഭൂജല വകുപ്പ് ഖരമാലിന്യങ്ങളുടെ പരിശോധന നടത്തിയിട്ടില്ല.

(എഫ്) ഉണ്ട്. ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ഖരമാലിന്യത്തിൽ കാഡ്മിയത്തിന്റെ അളവ് പരിധിക്ക് മുകളിൽ കണ്ടതിനാൽ ഈ ഖരമാലിന്യം 'ഹസാർഡ്സ് വേസ്റ്റ് റൂൾസ്'-ന്റെ പരിധിയിൽ കൊണ്ടുവരികയും ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ഖരമാലിന്യം പുറത്ത് വിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നതും നിർത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകി. ഖരമാലിന്യം 'ഹസാർഡ്സ് വേസ്റ്റ് റൂൾസ്' അനുസരിച്ച് കൈകാര്യം ചെയ്യുവാനും റൂൾസ് പ്രകാരമുള്ള ബോർഡിന്റെ ഓതറൈസേഷൻ കരസ്ഥമാക്കാനും ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് കമ്പനി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖ അനുസരിച്ചുള്ള സെക്യൂർഡ് ലാൻഡ് ഫിൽ നിർമ്മിച്ചിട്ടുമുണ്ട്.

സത്യൻ നഗർ കടവിന് ഇരുവശത്തുമുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി

54 [2663] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ത്രിവിക്രമംഗലം ശ്രീമഹാവിഷ്ണുക്ഷേത്രം വക കരമനയാറിൽ സത്യൻ നഗർ കടവിന് ഇരുവശത്തുമുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്ക് ജലസേചന വകുപ്പ് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ജില്ലാ കളക്ടർക്ക് വേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) ദർഘാസ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

55 [2664] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന് കീഴിലുള്ള ചിറക്കൽപടി-കാഞ്ഞിരപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനിയും ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡിന്റെ വളരെ അത്യാവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള കരാർ വെച്ചിട്ടുണ്ട്. ബാക്കി ഭാഗങ്ങൾ മൊത്തം ചെയ്യുന്നതിനായി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ വർഷവും പദ്ധതി അവസാനിപ്പിക്കുന്ന ശീർഷകത്തിൽ ഫണ്ട് അനുവദിക്കുവാൻ സാമ്പത്തിക പരാധീനതമൂലം സാധിച്ചിട്ടില്ല.

കാരിക്കോട് ഉപകനാൽ കരാർ

56 [2665] ശ്രീ. ടി. എൻ. പ്രതാപൻ:
പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീമതി മേഴ്സിരവി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കാരിക്കോട് ഉപകനാൽ നിർമ്മിക്കുന്നതിന് നൽകിയ കരാറിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ ഉപകനാലിന്റെ വീതി മെയിൻ കനാലിനേക്കാൾ കൂടുതലാണോ;

(സി) ഉപകനാലിന് മെയിൻ കനാലിനേക്കാൾ വീതി കൂട്ടുന്നതു കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ കനാലിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി അതിന്റെ കരാർ നൽകുകയുണ്ടായോ;

(ഇ) ഈ ക്രമക്കേടുകളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ;

(എഫ്) അന്വേഷണ റിപ്പോർട്ട് കിട്ടിയോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) ഈ കരാർ നൽകിയപ്പോൾ ജലസേചന വകുപ്പിന്റെ ചാർജ് വഹിച്ചിരുന്ന മന്ത്രി ആരായിരുന്നു: എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കനാലിന്റെ എസ്റ്റിമേറ്റിലും ടെൻഡറിലും ക്രമക്കേടുകൾ ഉണ്ടെന്നുള്ള ആരോപണത്തിൻമേൽ നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ റിപ്പോർട്ട് അനുസരിച്ച് ക്രമക്കേടുകൾ ഉണ്ടെന്നാണ് കണ്ടെത്തിയത്. ഇതിൻമേലുള്ള വിശദമായ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly